**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1299** **03-02-2026 - ൽ മറുപടിയ്ക്ക്**

**ആറ്റിങ്ങൽ മണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ആറ്റിങ്ങൽ മണ്ഡലത്തിലെ നഗരൂർ പോലീസ് സ്റ്റേഷൻ, മിനി സിവിൽ സ്റ്റേഷൻ എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | ആറ്റിങ്ങൽ മണ്ഡലത്തിലെ "നഗരൂർ മിനി സിവിൽ സ്റ്റേഷൻ ഓഫീസും പോലീസ് സ്റ്റേഷനും നിർമ്മിക്കൽ" എന്ന പ്രവൃത്തിക്ക് 2022-23 ബജറ്റിൽ ( പേജ് നം.40, ക്രമ നം.794) 20% തുക വകയിരുത്തിയിട്ടുണ്ട്. എന്നാൽ സ്ഥല സന്ദർശനത്തിൽ മിനി സിവിൽ സ്റ്റേഷനും പോലീസ് സ്റ്റേഷനും നിർമ്മിക്കാൻ ഭൂമി അപര്യാപ്തമായതിനാൽ പ്രസ്തുത സ്ഥലത്ത് ഏറ്റവും ആവശ്യമായ പോലീസ് സ്റ്റേഷനും സബ് രജിസ്ട്രാർ ഓഫീസും നിർമ്മിക്കുന്നതിന് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 27/01/2026-ലെ സ.ഉ. (സാധാ).91/2026/പൊ.മ.വ പ്രകാരം "നഗരൂർ സബ് രജിസ്ട്രാർ ഓഫീസും പോലീസ് സ്റ്റേഷനും നിർമ്മിക്കൽ' എന്ന പ്രവൃത്തിക്ക് 600 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയ്ക്കായുള്ള സാങ്കേതിക അനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള തുടർ നടപടികൾ കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ